(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച് 2004-ൽ കായംകുളം നഗരസഭ കൗൺസിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അടിപ്പാത നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കോലോത്ത് ജെട്ടി റോഡ് നിർമ്മാണം

304 (7275) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ റോഡ് ഫണ്ട് (സി.ആർ.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച കോലോത്ത് ജെട്ടി-വേലാങ്കുളം കടത്ത് റോഡുനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മഴക്കാലത്ത് വെള്ളം കയറി ഗതാഗതം തടസ്സപ്പെടുന്ന പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോലോത്ത് ജെട്ടി-വേലാങ്കുളം കടത്ത് റോഡ് നിർമ്മാണത്തിന് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. ഈ വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് വ്യവസ്ഥകൾ പ്രകാരം പാലങ്ങളുടെ പുനർ നിർമ്മാണവും നിർമ്മാണവും മാത്രമേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) ഈ റോഡിന്റെ പുനരുദ്ധാരണം മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

എലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ

305 (7276) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പേരുകൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത റോഡുകളിൽ ഈ സർക്കാരിന്റെ കാലത്ത് അറ്റകുറ്റപ്പണികൾ നടത്തിയിരുന്നുവെങ്കിൽ അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 1